<u>ഭരണഭാഷ-മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം,
ന്യൂ ബിൽഡിംഗ്,
ഉള്ളൂർ ലെയിൻ, ജഗതി
ഫോൺ: 0471-2580737
മെയിൽ-cgacdhse@gmail.com

സി.ജി.എ.സി-3/18510/2024/എച്ച്.എസ്.ഇ തീയതി:05-12-2024

## <u>സർക്കുലർ</u>

വിഷയം : പൊ-വി-വ - സിജി &എ സി - വിവിധ ഏജൻസികളും സ്വകാര്യ സ്ഥാപനങ്ങളും സ്കൂളുകളിൽ കുട്ടികൾക്ക് ക്ലാസ്സുകൾ നൽകുന്നതും അവരുടെ വിവരങ്ങൾ ശേഖരിക്കുന്നതും-സംബന്ധിച്ച്.

സൂചന :- -

സംസ്ഥാനത്തെ പല സ്കൂളുകളിലും വിവിധ ഏജൻസികളും സ്വകാര്യ സ്ഥാപനങ്ങളും പരിശീലനങ്ങളും ക്ലാസുകളും നടത്തുന്നതായി പരാതി ലഭിച്ചിരിക്കുന്നു. പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ശേഖരിക്കുകയും തുടർന്ന് അംഗീകാരമില്ലാത്ത കോഴ്സുകളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു വിദ്യാഭ്യാസഡയറക്ടറോ സർക്കാരോ നിർദ്ദേശിക്കാത്ത ഒരു പ്രോഗ്രാമും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയോ സർക്കാരിന്റയോ മുൻകൂർ അനുമതി ഇല്ലാതെ സ്കൂളുകളിൽ നടത്താൻ അനുവദിക്കരുതെന്നും കൂടാതെ യാതൊരു കാരണവശാലും കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കാൻ സ്വകാര്യ ഏജൻസികൾക്ക് സൗകര്യം ചെയ്യരുതെന്നും അറിയിക്കുന്നു. **ആയതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.**

Signed by
Shanavas S
DIRECTOR Date: 05-12-2024 11:29:06

പൊതു വിദ്യാഭ്യാസ ഡയറക്ടർ